## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1233 30/09/2011-ൽ മറുപടിക്ക്.

## സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളുടെ വിശദാംശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തൊഴിൽവകുപ്പിനുകീഴിൽ എത്ര ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 15 താഴെപ്പറയുന്ന ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്;<br><br>1) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്.<br>2) കേരള കൈത്തറി തൊഴിലാളി ക്ഷേമ നിധി ബോർഡ്,<br>3) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്<br>4) കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്.<br>5) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്<br>6) കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>7) കേരള അബ്കാരി തൊഴിലാളി ക്ഷേമ നിധി ബോർഡ്<br>8) കേരള ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>9) കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>10) കേരള ചുമട്ടു തൊഴിലാളി ക്ഷേമ നിധി ബോർഡ്<br>11) കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്<br>12) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് . |

13) കേരള ഷോപ്പ് ആൻറ് കമ്മേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി ബോർഡ്

14) കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്.

15) കേരള ജുവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

| | |
|---|---|
| (ബി) അതിൽ കേന്ദ്ര നിയമം നടപ്പിലാക്കിയിട്ടുളള എത്ര ക്ഷേമനിധിബോർഡുകൾ നിലവിലുണ്ട്. അവ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ; | (ബി) കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് കേന്ദ്ര നിയമപരിധിയിൽ വരുന്നതാണ്. |
| (സി) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ ഓരോന്നിന്റെയും നിലവിലെ ആസ്തികൾ വ്യക്തമാക്കാമോ; വിവിധ ബാങ്കുകളിലായി ഓരോ ക്ഷേമനിധി ബോർഡിനും എത്ര നിക്ഷേപം വീതം നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ഡി) സംസ്ഥാന സർക്കാർ ധനസഹായം നൽകുന്ന എത്ര ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്; ഏതെല്ലാം; | (ഡി) 1) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്,<br>2) കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്,<br>3) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്<br>4) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്<br>5) കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>6) കേരള ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>7) കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>8) കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്<br>9) കേരള ഷോപ്പ് ആൻറ് കമ്മേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി ബോർഡ് |

| | |
|---|---|
| (ഇ) സംസ്ഥാനത്തെ നിർമ്മാണതൊഴിലാളികൾക്കായുള്ള ക്ഷേമനിധി ബോർഡിൽ നിലവിൽ ആകെ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ഇ) 16,94,075 പേർ (ജൂലൈ 2011 വരെ). |
| (എഫ്) കേരള ബിൽഡിംഗ്സ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിലവിൽ എത്ര പെൻഷൻകാർ ഉണ്ട്; ജില്ല തിരിച്ച് കണക്ക് നൽകാമോ; | (എഫ്) 1,51,741 പേർ (09/2011 വരെ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി കാണുക. |
| (ജി) പ്രസ്തുത ബോർഡിൽ എന്നാണ് കേന്ദ്ര നിയമം നടപ്പിലാക്കിയത്; പ്രസ്തുത ബോർഡിന്റെ വരുമാനസ്രോതസ്സ് ഏതെല്ലാമാണ്; എത്രരൂപയിൽ കൂടുതൽ ചെലവു വരുന്ന വീട് നിർമ്മിക്കുന്ന സ്വകാര്യ വ്യക്തികളാണ് ബോർഡിന് സെസ് അടയ്ക്കേണ്ടത്; ഈ തുക നിശ്ചയിച്ചത് ആരാണ് ; | (ജി) 1998 ആഗസ്തിൽ.<br><br>അംഗത്തൊഴിലാളികളിൽ നിന്നുമുള്ള അംശദായ ഇനത്തിലുള്ള വരവ്, സെസ്സ് ഇനത്തിലുള്ള വരവ്, ബോർഡിന്റെ ഫിക്സഡ് ഡെപ്പോസിറ്റുകളിൽ നിന്നും ലഭിക്കുന്ന പലിശ, രജിസ്ട്രേഷൻ ഫീസ് എന്നിവയാണ് വരുമാന ശ്രോതസ്സുകൾ.<br><br>10 ലക്ഷം രൂപയിൽ കൂടുതൽ നിർമ്മാണച്ചെലവ് വരുന്ന വീടുകൾക്ക് നിർമ്മാണച്ചെലവിന്റെ ഒരു ശതമാനം തുക സെസ്സായി അടക്കേണ്ടതുണ്ടെന്ന് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. |
| (എച്ച്) അതിൽ മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണോ ; നിയമഭേദഗതിയില്ലാതെ മാറ്റം വരുത്തുവാൻ കഴിയുമോ; | (എച്ച്) ആലോചിക്കുന്നില്ല. |

| | |
|---|---|
| (ഐ) സ്വകാര്യ പൊതുമേഖലാ സർക്കാർ സ്ഥാപനങ്ങൾ വീഴ്ചയില്ലാതെ സെസ് അടയ്ക്കുന്നു എന്നുറപ്പ് വരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുളളത്;<br><br>(ജെ) നിലവിൽ സെസ്സ് എത്ര കുടിശ്ശിക യുണ്ട്; വിശദാംശം ലഭ്യമാക്കാമോ ; കുടിശ്ശിക പിരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ? | (ഐ & ജെ) സെസ്സ് പിരിവ് സംബന്ധിച്ച് അസസ്സിംഗ് ഓഫീസറായി ലേബർ കമ്മീഷണറുടെ കീഴിലുള്ള ഉദ്യോഗസ്ഥരെ നിയമിക്കുകയും സെസ്സ് പിരിവ് സംബന്ധിച്ച് പീരിയോഡിക്കലായി അവലോകന യോഗം നടത്തുകയും സെസ്സ് അദാലത്ത് സംഘടിപ്പിക്കുകയും ചെയ്ത് സെസ്സ് കളക്ഷൻ ഊർജ്ജിതപ്പെടുത്തി വരുന്നു. സെസ്സ് അദാലത്തിന്റെ തുടർച്ചയായി ജില്ലാ ഓഫീസുകളിൽ നിലവിലുള്ള ലിസ്റ്റ് പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് അയച്ചും വീഴ്ച വരുന്നവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചും സെസ്സ് പിരിവ് ഊർജ്ജിതപ്പെടുത്തിവരുന്നു. താലൂക്ക് ഓഫീസുകളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പുതിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് ചിലവ് തിട്ടപ്പെടുത്തി മാത്രമേ സെസ്സ് കണക്കാക്കുവാൻ കഴിയുകയുള്ളൂ എന്നതിനാൽ കുടിശ്ശിക എത്രയെന്ന് തിട്ടപ്പെടുത്തുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.